തൃശ്ശൂർ ജില്ലയിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റ്

27 (5698) ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ ലോവർ ഡിവിഷൻ ക്ളാർക്ക് തസ്തികയിലേക്ക് പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്ര പേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് ഉടൻ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

കൃഷി അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പി.എസ്.സി. പരീക്ഷ

28 (5699) ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമിക്കുന്നതിന് പി.എസ്.സി. അവസാനമായി വിജ്ഞാപനം നടത്തിയത് എന്നാണ് ;

(ബി) പ്രസ്തുത വിജ്ഞാപന പ്രകാരം പരീക്ഷ നടത്തുന്നതിനുള്ള തീയതി നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൃഷി വകുപ്പിൽ കൃഷി അസിസ്റ്റന്റ് തസ്തികയ്ക്ക് കാറ്റഗറി നമ്പർ 57/09 ആയി നേരിട്ടുള്ള നിയമനത്തിന് 31-3-2009-ലും കാറ്റഗറി നമ്പർ 106/09 ആയി തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് 30-4-2009-ലുമാണ് അവസാനമായി പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചത്.

(ബി) ഇല്ല. പരീക്ഷ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സംസ്ഥാനത്ത് പെൻഷൻ ഏകീകരണത്തോടനുബന്ധിച്ചുള്ള നിയമനങ്ങൾ

29 (5700) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെൻഷൻ ഏകീകരണത്തോടനുബന്ധിച്ച് ഇപ്പോൾ നിയമനങ്ങൾ എങ്ങനെയാണ് നടത്തുന്നത് ; സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള നിയമന രീതി ഇപ്പോൾ നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുൻപ് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിമയനം നടത്തിയിരുന്നപ്പോൾ ഉണ്ടായ ഒഴിവുകളും പെൻഷൻ ഏകീകരണം മൂലം വർഷാന്ത്യത്തിൽ ഉണ്ടാകുന്ന ഒഴിവുകളും തമ്മിൽ വലിയ അന്തരമുണ്ടായിരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സൂപ്പർ ന്യൂമററി തസ്തികൾ വഴിയുള്ള നിയമനം നിലവിൽ ഇല്ലെങ്കിൽ P.S.C. Rank list കളുടെ കാലാവധി 2011 മേയ് വരെ നീട്ടുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ 2011 മാർച്ച് മാസത്തിലെ കൂട്ട വിരമിക്കലിനെ തുടർന്നുണ്ടാകുന്ന കൂട്ടമായിട്ടുള്ള ഒഴിവുകളിൽ സ്ഥാനക്കയറ്റവും സ്ഥലം മാറ്റവും നടത്തുന്നതിന് ശേഷം മാത്രമേ ഒഴിവുകൾ കണക്കാക്കാൻ സാധിക്കൂ യെന്നുള്ളതിനാൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി മേയ് വരെ നീട്ടിയിട്ടുള്ളത് ഉദ്യോഗാർത്ഥികൾക്ക് പ്രയോജനപ്പെടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ആസന്നമായിരിക്കുന്ന തദ്ദേശ സ്വയംഭരണ, നിയമസഭാ തെരഞ്ഞെടുപ്പുകളുടെ പെരുമാറ്റ ചട്ടങ്ങൾമൂലം പി.എസ്.സി. വഴിയുള്ള നിയമനങ്ങൾക്ക് നിയന്ത്രണം ഉണ്ടാകുമെന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടായിരുന്നോ ; എങ്കിൽ നിലവിലെ നിയമന രീതിയിൽ ഉണ്ടാകാവുന്ന സ്ഥിതിവിശേഷം എങ്ങനെയാണ് മറികടക്കാൻ ഉദ്ദേശിക്കുന്നത് ;

(എഫ്) പെൻഷൻ ഏകീകരണംമൂലം ഉണ്ടാകുന്ന കൂട്ട വിരമിക്കലും അതിനോട് അനുബന്ധിച്ചുള്ള ഒരുമിച്ചുള്ള നിയമനരീതിയും വകുപ്പുകളുടെ പ്രവർത്തനങ്ങൾ താറുമാറാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ ഈ സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനായി ഓരോ മാസവും ഉണ്ടാകുന്ന വിരമിക്കൽ ഒഴിവുകൾ കണക്കാക്കി ആ ഒഴിവുകളിലേക്ക് നിയമനത്തിനായി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്ന രീതി നടപ്പാകുമോ ?

ഉത്തരം

(എ) വിരമിക്കൽ തീയതി ഏകീകരിച്ചില്ലായിരുന്നുവെങ്കിൽ ഉണ്ടാകുമായിരുന്ന പ്രവേശന തസ്തികകളിലെ ഒഴിവുകൾ സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച് നിയമനം നടത്തുന്നതിന് 2009-10 വർഷത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ സാമ്പത്തിക വർഷം ഉണ്ടാകുന്ന എല്ലാ പ്രതീക്ഷിത ഒഴിവുകളും 31-7-2010-നകം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ വകുപ്പദ്ധ്യക്ഷൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 24-6-2010-ലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽനിന്നും ലഭിച്ച വിവരമനുസരിച്ച് 2009-10-ൽ റിപ്പോർട്ട് തീയതി വരെ 15,066 പേരുടെ പെൻഷൻ പേപ്പറുകൾ ടി ഓഫീസിൽ ലഭിച്ചിട്ടുണ്ട്. വർഷാവർഷം വിരമിക്കുന്നവരുടെ കണക്കിൽ അദ്ധ്യാപകരും ഉൾപ്പെടുന്നു. അദ്ധ്യാപകരുടെ വിരമിക്കൽ തീയതി നേരത്തെ തന്നെ അദ്ധ്യയന വർഷാവസാനമായി ഏകീകൃതമായിരുന്നു. മാർച്ച് മാസം 55 വയസ്സ് തികയുന്ന ജീവനക്കാരുടെ ഒഴിവുകൾ സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ചു നികത്തേണ്ട

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമില്ല. ഇവരുടെ കണക്കും മാർച്ച് 31-ലെ വിരമിക്കലിൽപ്പെടുന്നു. ധനകാര്യ വകുപ്പിൽ ലഭ്യമായ കണക്കനുസരിച്ച് വിവിധ വകുപ്പുകളിലായി പ്രവേശന തസ്തികകളിൽ 6035 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഇതും വിരമിക്കൽ തീയതി ഏകീകരിച്ചതുമൂലം വർഷാന്ത്യത്തിൽ ഉണ്ടാകുന്ന ഒഴിവുകളും തമ്മിൽ വലിയ അന്തരമുണ്ടായിട്ടില്ല.

(സി) ഈ സാമ്പത്തിക വർഷത്തിൽ ഉണ്ടാകാനിടയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും 31-7-2010-ന് മുൻപ് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റാങ്ക് ലിസ്റ്റുകളിലുള്ള അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം ഉറപ്പുവരുത്തുന്നതിനായി ഈ സാമ്പത്തിക വർഷത്തിനിടയ്ക്ക് കാലാവധി അവസാനിക്കുന്ന എല്ലാ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെയും കാലാവധി മേയ് 31 വരെ നീട്ടിയിട്ടുണ്ട്.

(ഡി) കൂട്ട വിരമിക്കൽമൂലമുണ്ടാകുമായിരുന്ന ഉയർന്ന തസ്തികകളിലെ ഒഴിവുകൾ തക്ക സമയത്ത് നികത്തുന്നതിന് ഡി.പി.സി ലിസ്റ്റുകൾ കാലേകൂട്ടി തയ്യാറാക്കി സൂക്ഷിക്കുന്നതിന് പി. ആന്റ് എ.ആർ.ഡി.യുടെ 8-12-2009-ലെ സർക്കുലർ പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മാറിയ സാഹചര്യത്തിൽ പൊതു ട്രാൻസ്ഫർ നേരത്തെ ആക്കുന്നതിന് 30-12-2009-ലെ സർക്കാർ ഉത്തരവ് 21/2009/പി. ആന്റ് എ.ആർ.ഡി വഴി നിർദ്ദേശം നൽകിയിരുന്നു. ഇടയ്ക്ക് കാലാവധി അവസാനിക്കുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രതീക്ഷിത ഒഴിവുകളെല്ലാം ഈ മാസം തന്നെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനും തീരുമാനമുണ്ട്. ഇക്കാരണങ്ങളാൽ ഉദ്യോഗാർത്ഥികൾക്ക് ബുദ്ധിമുട്ട് നേരിടുന്നതല്ല.

(ഇ) ഈ സാമ്പത്തിക വർഷം ഉണ്ടാകാനിടയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും 31-7-2010-ന് മുൻപ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ വകുപ്പദ്ധ്യക്ഷൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) സാമ്പത്തിക വർഷത്തിന്റെ ഇടയ്ക്കുള്ള വിരമിക്കൽ, സ്ഥലം മാറ്റം, സ്ഥാനകയറ്റം എന്നിവ സർവ്വീസിന്റെ കാര്യക്ഷമതയ്ക്ക് തടസ്സം സൃഷ്ടിക്കുമെന്നുള്ളതുകൊണ്ടാണ് വിരമിക്കൽ തീയതി വർഷാവസാനമായി ഏകീകരിച്ചത്. കൂട്ടവിരമിക്കൽ മൂലമുണ്ടാകുമായിരുന്ന ഉയർന്ന തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് ഡി.പി.സി. ലിസ്റ്റുകൾ കാലേകൂട്ടി തയ്യാറാക്കി സൂക്ഷിക്കുന്നതിനും പൊതു ട്രാൻസ്ഫറുകൾ നേരത്തെയാക്കുന്നതിനും ഒഴിവുകൾ ഒന്നാകെ നേരത്തെ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനും തീരുമാനമുള്ളതിനാൽ പെൻഷൻ ഏകീകരണം വകുപ്പുകളുടെ പ്രവർത്തനത്തെ ഒരു തരത്തിലും പ്രതികൂലമായി ബാധിക്കുകയില്ല.

(ജി) നടപ്പുസാമ്പത്തിക വർഷത്തിൽ ഉണ്ടാകാൻ ഇടയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും ഒന്നാകെ കണക്കാക്കി ഈ മാസാവസാനത്തോടെ ഒന്നിച്ച് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25-6-2010-ലെ 8040/ഉപ.സി.3/2010 കത്ത് പ്രകാരം നിർദ്ദേശം നൽകിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly